ഉഗാണ്ടയുടെ വിദേശകാര്യ വകുപ്പ് മന്ത്രിയുടെ ഇന്ത്യാ സന്ദര്ശനം ( (ജൂലൈ 27-31, 2014)

ജൂലൈ 27, 2014
കേന്ദ്ര വിദേശകാര്യ മന്ത്രിയുടെ ക്ഷണം സ്വീകരിച്ചു ഉഗാണ്ടയിലെ വിദേശകാര്യ മന്ത്രി ആദരണീയനായ സാം കുട്ടെസ . ഇന്ന് മുതല് ജൂലൈ 31 വരെ (27-31 ജൂലൈ 2014)ഇന്ത്യ സന്ദര്ശിക്കുന്നു . ആദരണീയനായ കുട്ടെസയുടെ പ്രതിനിധി സംഘത്തില് വാര്ത്താ - വിനിമയ , സാങ്കേതിക വിദ്യ വകുപ്പ് മന്ത്രി ആദരണീയനായ ജോണ് നസാസിറ, മത്സ്യബന്ധന വകുപ്പ് മന്ത്രി ആദരണീയനായ റൂത്ത്
നകാബിര്വ , നിക്ഷേപ വകുപ്പ് സഹമന്ത്രി ആദരണീയനായ ഡോ. അജെദ്ര ഗാബ്രിയേല് അരിദ്രൂ എന്നിങ്ങനെ മൂന്നു മന്ത്രിമാരും ഉഗാണ്ട ഗവണ്മെന്റ് ഉന്നത ഉദ്യോഗസ്ഥര് എന്നിവരും ഉള്പ്പെടുന്നു .

2. സന്ദര്ശന ഭാഗമായി ശ്രീ കുട്ടെസ കേന്ദ്ര വിദേശകാര്യ മന്ത്രിയുമായി ചര്ച്ചകള് നടത്തുകയും പ്രധാനമന്ത്രിയുമായി ഔപചാരിക കൂടിക്കാഴ്ച നടത്തുകയും ചെയ്യും.

3. ഇന്ത്യയും ഉഗാണ്ടയും തമ്മില് വളരെ ഊഷ്മളമായ സൌഹൃദ ബന്ധങ്ങള് ആണുള്ളത് . ഇന്ത്യ ഉഗാണ്ടയുടെ വലിയ വ്യാപാര പങ്കാളി . ഉഗാണ്ടയില് ഇന്ത്യന് വംശജരുടെ വളരെ വലിയ ജനസംഖ്യ ഉണ്ട് അവര് ഉഗാണ്ടയുടെ സമൂഹത്തിനും സമ്പത്ത്ഘടനക്കും വളരെ പ്രാധാന്യമുള്ള സംഭാവനകള് ആണ് നല്കുന്നത് . മനുഷ്യ വിഭവശേഷി വികസനം ഉള്പ്പെടെ , കാര്യക്ഷമതാ നിര്മാണത്തില് ഇന്ത്യയും ഉഗാണ്ടയും വളരെ അടുത്ത സഹകരണം ആണുള്ളത് . ഉന്നത വിദ്യാഭ്യാസത്തിനായി ഇന്ത്യയിലെ വിവിധ സതാപനങ്ങളില് വളരെ വലിയ
തോതില് ഉഗാണ്ടയിലെ വിദ്യാര്ഥികള് പഠിക്കുന്നുണ്ട് . മേഖലാ, ആഗോള പ്രാധാന്യമുള്ള അനേകം വിഷയങ്ങളില് ഇരു രാജ്യങ്ങളും പൊതുവായ കാഴ്ചപ്പാടുകള് പങ്കു വയ്ക്കുന്നുമുണ്ട്

4. വിദേശകാര്യ മന്ത്രി കുട്ടെസയുടെ സന്ദര്ശനത്തിലൂടെ ഇന്ത്യാ- ഉഗാണ്ട ബന്ധങ്ങളില് പുതിയ പ്രചോദനങ്ങളും കൂടുതല് പുരോഗതിയുണ്ടാകും.

27 ജൂലൈ , 2014
ന്യൂഡെല്ഹി